പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5621 — 6.7.2012 ലെ മറുപടിക്ക്

## അംബേദ്കർ ഭവന് അനുവദിച്ച ഭൂമി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. വി. ശശി | ശ്രീ. എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ)തിരുവനന്തപുരം ജില്ലയിൽ അംബേദ്കർ ഭവൻ നിർമ്മിക്കുന്നതിനും മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് എത്ര ഏക്കർ ഭൂമിയാണ് അനുവദിച്ചിട്ടുള്ളത്; പട്ടികവിഭാഗങ്ങൾക്കുവേണ്ടി എന്തെല്ലാം സൗകര്യങ്ങളാണ് ഇവിടെ സജ്ജമാക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ; | എ) ഡോ. അംബേദ്കർഭവന്റെ നിർമ്മാണത്തിനായി 10 ഏക്കർ ഭൂമിയാണ് അനുവദിച്ച് നൽകിയിട്ടുള്ളത്. ഇവിടെ പട്ടികവിഭാഗക്കാർക്ക് വേണ്ടി ഓഡിറ്റോറിയം, പരിശീലന കേന്ദ്രങ്ങൾ, ലൈബ്രറി, മ്യൂസിയം, ആർട്ട് ഗ്യാലറി, ഫാക്കൽറ്റികൾക്ക് താമസസ്ഥലം, കോൺഫറൻസിനും, സെമിനാറിനും ഹാളുകൾ, ഓപ്പൺ എയർ തിയേറ്റർ എന്നിവയാണ് വിഭാവനം ചെയ്തിട്ടുള്ളത്. കൂടാതെ, ഈ സ്ഥലത്ത് പോസ്റ്റ് മെട്രിക് ഹോസ്റ്റൽ നിർമ്മാണത്തിനായി 50 സെന്റ് സ്ഥലവും, പി.ഇ.ടി.സി. കെട്ടിടം നിർമ്മാണത്തിനായി 1 ഏക്കർ സ്ഥലവും, ട്രൈബൽ ഡിപ്പാർട്ട്മെന്റ് ഹോസ്റ്റൽ പണിയുവാൻ 50 സെന്റ് സ്ഥലവും പിന്നോക്ക ക്ഷേമ കോർപ്പറേഷൻ കെട്ടിടം പണിയു ന്നതിനായി 50 സെന്റ് സ്ഥലവും അനുവദിച്ച നൽകിയിട്ടുണ്ട്. |

ബി)അംബേദ്കർ ഭവൻ നിർമ്മാണത്തിനായി 2011-12 -ലെ ബഡ്ജറ്റിൽ എത്ര ലക്ഷം രൂപ വകകൊള്ളിച്ചിരുന്നു; അതിൽ എത്ര ലക്ഷം രൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി)തുക ചെലവഴിച്ചില്ലെങ്കിൽ അത് എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ?

ബി & സി) 2011-12-ൽ അംബേദ്കർ ഭവന്റെ നിർമ്മാണത്തിനായി 3 കോടി രൂപ വകയിരുത്തിയിരുന്നു. അതിൽ 2,47,12000 രൂപ പി.ഡബ്ല്യൂ.ഡി. ചീഫ് എഞ്ചിനീയർക്ക് മാറുന്നതിന് അനുമതി നൽകുകയും ചെയ്തിരുന്നു. പി.ഡബ്ല്യൂ.ഡി-യ്ക്ക് ഇതുവരെ ലഭിച്ച 4,94,92,500/- രൂപയിൽ 4,52,93,533/-രൂപ ചെലവായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ